# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4267 | 16/12/2014-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണ നിർമ്മാർജ്ജന പരിപാടി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ. എം. ചന്ദ്രൻ :</td><td colspan="2">കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>അട്ടപ്പാടിയിൽ ശിശുമരണം ഇല്ലാതാക്കാനുള്ള പാക്കേജ് എന്നാണ് പ്രഖ്യാപിച്ചത്; പാക്കേജിൽ എത്ര കോടി തുകയാണ് സർക്കാർ പ്രഖ്യാപിച്ചത്; ഇതിന്റെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയത്; ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;</td><td>(എ)</td><td>അട്ടപ്പാടിയിലെ ശിശുമരണം സംബന്ധിച്ച റിപ്പോർട്ടുകളെ തുടർന്ന് 25.4.2013 ൽ പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. നിശ്ചിത തുക കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ഒരേ സമയം പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ വിവിധ പദ്ധതികൾക്കായി വിവിധ വകുപ്പുകൾ മുഖേന വിവിധ ഘട്ടങ്ങളിലായിട്ടാണ് തുക വകയിരുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>നം</th><th>പദ്ധതിയുടെ പേര്</th><th>വകയിരുത്തിയ തുക</th></tr>
<tr><td>1</td><td>പാരമ്പര്യകൃഷി</td><td>3.08 കോടി</td></tr>
<tr><td>2</td><td>കമ്മ്യൂണിറ്റി കിച്ചൻ</td><td>2.24 കോടി</td></tr>
<tr><td>3</td><td>കുടുംബശ്രീ പദ്ധതികൾ</td><td>97.00 കോടി</td></tr>
<tr><td>4</td><td>16 റോഡ് നിർമ്മാണം</td><td>76.14 കോടി</td></tr>
<tr><td>5</td><td>സമഗ്ര ആരോഗ്യ പദ്ധതി</td><td>4.34 കോടി</td></tr>
</table>
<br><u>നടപ്പിലാക്കിയ പദ്ധതികൾ</u><br>
1. 2013-14 സാമ്പത്തികവർഷം റാഗി, ചോളം, പയർ, കടല, ബംഗാൾ ഗ്രാം, ഉഴുന്ന് തുടങ്ങിയ വിളകൾ 690 ഹെക്ടറിൽ കൃഷി ചെയ്തിരുന്നു. തുടർന്ന് 2014-15 വർഷം പ്രസ്തുത വിളകൾ 1777 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്തിട്ടുണ്ട്. കൂടാതെ 2013-14 വർഷം പച്ചക്കറി വിത്തുകൾ അടങ്ങിയ 8000 കിറ്റുകളും 15516 തെങ്ങിൻ തൈകളും 7700 കവുങ്ങിൻ തൈകളും 5000 കാപ്പി തൈകളും വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ 800 പേർക്ക് തേനീച്ച കൃഷിക്കും ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ 2014-15 വർഷം പച്ചക്കറി വിത്തുകിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.</td></tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>2. അട്ടപ്പാടിയിലെ 118 ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചു വരുന്നു.<br>3. 170 ട്രൈബൽ കുടുംബശ്രീ യൂണിറ്റുകളിലൂടെ പട്ടികവർഗ്ഗ സ്ത്രീകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു. 130 ട്രൈബൽ ആനിമേറ്റേഴ്സിനും 3 കോ-ഓർഡിനേറ്റർമാർക്കും ഒരു അക്കൗണ്ടന്റിനും 7 വർഷത്തേക്ക് തൊഴിൽ ഉറപ്പു വരുത്തി. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാര വിതരണം നടത്തി വരുന്നു.<br>4. സി.എച്ച്.സി. അഗളി, പി.എച്ച്.സി. പുതൂർ, പി.എച്ച്.സി. ഷോളയൂർ എന്നിവിടങ്ങളിൽ ആകെ 205 കുട്ടികളെ (SAM/MAM) അഡ്മിറ്റ് ചെയ്ത് ആവശ്യമായ ചികിത്സ നടത്തിയിട്ടുണ്ട്. കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ SNCUL ൽ 20 ലക്ഷം രൂപ വിലമതിക്കുന്ന ഉപകരണങ്ങൾ നൽകി. സി.എച്ച്.സി. അഗളി എൻ.ബി.എസ്.വി. യിൽ 2.5 ലക്ഷം രൂപ വില മതിക്കുന്ന ഉപകരണങ്ങൾ നൽ കി. ജി.റ്റി.എസ്. എച്ച്.കോട്ടത്തറ, സി.എച്ച്.സി. അഗളി/പുതൂർ എന്നീ ആരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിന് 44.4 ലക്ഷം രൂപയും മറ്റു സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് 9.23 ലക്ഷം രൂപയും വിനിയോഗിച്ചു കഴിഞ്ഞിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം മുകളിൽ പ്രസ്താവിച്ച കൃഷികൾ എല്ലാംതന്നെ ചെയ്തു വരുന്നുണ്ട്. കൂടാതെ ന്യൂട്രിഷൻ റിഹാബിലിറ്റേഷൻ സെന്ററുകളിൽ (SAM/MAM) കുട്ടികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. 101 സമൂഹ അടുക്കളകളിലൂടെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാര വിതരണം നടത്തിവരുന്നുണ്ട്. കൂടാതെ അട്ടപ്പാടി മേഖലയിൽ അനുവദിച്ച 16 റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(ബി)</td>
<td>പാക്കേജ് പ്രഖ്യാപിച്ചതിനശേഷം ഇതുവരെ ഏതെല്ലാം വിഭാഗങ്ങളിലായി എത്ര കോടി രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ;</td>
<td>(ബി)</td>
<td><table>
<tr><td>പാരമ്പര്യ കൃഷി</td><td>94.76 ലക്ഷം</td></tr>
<tr><td>കമ്മ്യൂണിറ്റി കിച്ചൻ</td><td>1.93 കോടി</td></tr>
<tr><td>കുടുംബശ്രീ പദ്ധതികൾ</td><td>79.32ലക്ഷം</td></tr>
<tr><td>സമഗ്ര ആരോഗ്യ പദ്ധതി</td><td>4.34 കോടി</td></tr>
</table></td>
</tr>
</table>

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പാക്കേജ് എപ്പോഴായിരുന്നു; ഇതിൽ എത്ര കോടി രൂപയാണ് പ്രഖ്യാപിച്ചത്; ഏതെല്ലാം വിഭാഗങ്ങളിലാണ് കേന്ദ്ര പാക്കേജ് നടപ്പിലാക്കിയത്; ഇതുവരെ ടി ഇനത്തിൽ കേന്ദ്രത്തിൽനിന്ന് എത്ര കോടി രൂപ കിട്ടിയിട്ടുണ്ട്;

(സി) അട്ടപ്പാടിയിലെ ശിശുമരണം സംബന്ധിച്ച റിപ്പോർട്ടുകളെ തുടർന്ന് 25.4.2013 ൽ പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. നിശ്ചിത തുക കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ഒരേ സമയം പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ വിവിധ പദ്ധതികൾക്കായി വിവിധ വകുപ്പുകൾ മുഖേന വിവിധ ഘട്ടങ്ങളിലായിട്ടാണ് തുക വകയിരുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| നം | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക |
|---|---|---|
| 1 | പാരമ്പര്യകൃഷി | 3.08 കോടി |
| 2 | കമ്മ്യൂണിറ്റി കിച്ചൻ | 2.24 കോടി |
| 3 | കുടുംബശ്രീ പദ്ധതികൾ | 97.00 കോടി |
| 4 | 16 റോഡ് നിർമ്മാണം | 76.14 കോടി |
| 5 | സമഗ്ര ആരോഗ്യ പദ്ധതി | 4.34 കോടി |

കുടുംബശ്രീ മുഖേനയുള്ള പ്രത്യേക പദ്ധതികൾ, പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കൽ, കമ്മ്യൂണിറ്റി കിച്ചൻ തുടങ്ങിയ പദ്ധതികളാണ് നടപ്പാക്കിയത്. കുടുംബശ്രീ മുഖേനയുള്ള പ്രത്യേക പദ്ധതി 4.81 കോടി, പാരമ്പര്യകൃഷി 1.80 കോടി, കമ്മ്യൂണിറ്റി കിച്ചൻ 2.24 കോടി.

(ഡി) കേന്ദ്ര പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഭരണതലത്തിൽ പരിശോധനാ സംവിധാനം നിലവിലുണ്ടോ; എങ്കിൽ ആരാണ് അതിന് നേതൃത്വം കൊടുത്തിരിക്കുന്നത്?

(ഡി) അട്ടപ്പാടിയിൽ നടപ്പാക്കുന്ന പ്രത്യേക പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിൽ ശ്രീ. എസ്.സുബ്ബയ്യ. ഐ.എ.എസ്. നെ സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം ആ കൃത്യം ഫലപ്രദമായി നിർവ്വഹിക്കുന്നുമുണ്ട്. കുടുംബശ്രീ മുഖേനയുള്ള പ്രത്യേക പാക്കേജിന്റെ പ്രവർത്തനം സംസ്ഥാന കുടുംബശ്രീ മിഷനാണ് നിലവിൽ മോണിറ്ററിംഗ് നടത്തുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി നിയമിച്ചിട്ടുള്ള സ്പെഷ്യൽ ഓഫീസർ പദ്ധതികൾ കൈവരിച്ച നേട്ടം വിലയിരുത്താറുണ്ട്.

[illegible signature]

**സെക്ഷൻ ഓഫീസർ**